# PACL ലിമിറ്റഡിന്റെ വിഷയത്തിൽ പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ

പശ്ചാത്തലം:

1. വിവിധ കളക്റ്റീവ് ഇൻവെസ്റ്റ്മെന്റ് സ്കീമുകളിൽ നിന്നും ആകെ 49000 കോടി രൂപയുടെ (ഏകദേശം) കടബാദ്ധ്യത ശേഖരിച്ചതായി / സമാഹരിച്ചതായി PACL ലിമിറ്റഡ് (PACL) അവകാശപ്പെട്ടു. PACL -ന്റെ പദ്ധതികൾ CIS രൂപത്തിലുള്ളതാണെന്നും സമാഹരിച്ച പണം, വാഗ്ദാനത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം അതിന്റെ ഉപഭോക്താക്കൾക്ക് നൽകേണ്ടതായ ആദായത്തിനൊപ്പം മൂന്നു മാസ കാലയളവിനുള്ളിൽ മടക്കി നൽകുവാനും 2014 ആഗസ്റ്റ് 22 തീയതിയിലെ SEBI യുടെ ഉത്തരവിൽ പ്രസ്ഥാവിച്ചു.

2. PACL -ന്റെ പ്രമോട്ടർ / ഡയറക്ടർമാർ ബഹുമാനപ്പെട്ട സെക്യൂരിറ്റീസ് അപ്പലേറ്റ് ട്രിബ്യൂണലിൽ (SAT) നിവേദനം നൽകുകയും അവർ അത് നിരസിക്കുകയും SEBI –യുടെ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തു. 2015 ആഗസ്റ്റ് 14 തീയതിയിലെ ഉത്തരവിൽ വിഷമിച്ച് SAT –യുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ അവർ നിവേദനം സമർപ്പിച്ചു.

3. PACL ലിമിറ്റഡും സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും തമ്മിലുള്ള തർക്കവിഷയത്തിലും (സിവിൽ അപ്പീൽ നമ്പർ 13394/2015) മറ്റ് അനുബന്ധ വിഷയങ്ങളിലുമായി ബഹുമാനപ്പെട്ട സുപ്രീം കോടതി 2016 ഫെബ്രുവരി 02 തീയതിയിലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട ശ്രീ. ജസ്റ്റിസ് (റിട്ടയേർഡ്) ആർ. എം. ലോധ (ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസ്) –യുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും PACL -ന്റെ ആധാരങ്ങൾ ഏറ്റെടുക്കുവാനും PACL -ന്റെ ഉപഭോക്താക്കൾക്ക് മടക്കിനൽകുവാനായി അതിന്റെ സ്ഥാവരജംഗമ വസ്തുക്കൾ വിൽക്കുവാൻ അതിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

4. PACL ലിമിറ്റഡിന്റെ വിവിധ പദ്ധതികളിൽ നിക്ഷേപിച്ച PACL -ന്റെ ഉപഭോക്താക്കൾക്ക് അതിന്റെ സത്യാവസ്ഥ മനസ്സിലാക്കിയ ശേഷം മടക്കി നൽകുന്നതിനായി വസ്തുവകകൾ വിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് CBI –ൽ നിന്നും സ്ഥാവരജംഗമ വസ്തുക്കളുടെ രേഖകൾ ശേഖരിക്കുന്ന നടപടിക്രമങ്ങൾ കമ്മിറ്റി ആരംഭിച്ചു. അതേസമയം, PACL -ന്റെ ഉപഭോക്താക്കളോട് ഒരു പൊതു വിജ്ഞാപനത്തിലൂടെ ഇനി പറയുന്നവ അറിയിക്കുകയും നിർദ്ദേശിക്കുകയും ചെയ്യുന്നു.

    I. PACL ലിമിറ്റഡ് അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തികളുമായി PACL ലിമിറ്റഡിന്റെ പദ്ധതികളിൽ അവരുടെ നിക്ഷേപത്തിന്റെ രേഖകൾ / പ്രമാണങ്ങൾ കമ്മിറ്റിയിൽ നിന്നും ഇനിയൊരു അറിയിപ്പ് ലഭിക്കുന്നതുവരെ ഉപേക്ഷിക്കുവാനോ ഒപ്പം / അല്ലെങ്കിൽ പങ്കിടുവാനോ പാടില്ല, കൂടാതെ

    II. ഏതെങ്കിലും പുതിയ നിക്ഷേപമായോ അല്ലെങ്കിൽ ഗഡു തുക അല്ലെങ്കിൽ മറ്റെന്തിനെങ്കിലുമായി PACL ലിമിറ്റഡിന് അല്ലെങ്കിൽ അതിന്റെ ഉദ്യോഗസ്ഥൻമാർക്ക് / ഏജന്റുമാർക്ക് പണം നൽകാൻ പാടില്ല.

1. ഞാൻ PACL -ന്റെ ഒരു ഉപഭോക്താവാണ്. ഞാൻ എന്താണ് ചെയ്യേണ്ടത്?

ഉത്തരം: 05.03.2016 ലെ പൊതു വിജ്ഞാപനത്തിലൂടെ യഥാർത്ഥ രേഖകൾ തങ്ങളുടെ കൈവശം സൂക്ഷിക്കുവാൻ PACL -ന്റെ ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. PACL -ന്റെ ഉപഭോക്താക്കളിൽ നിന്നും ക്ലെയിമുകൾ ക്ഷണിച്ചുകൊണ്ട് കമ്മിറ്റിയിൽ നിന്നുള്ള അറിയിപ്പിൻ മേൽ അത് കമ്മിറ്റിയ്ക്കോ അല്ലെങ്കിൽ നിയുക്ത അധികാരികൾക്കോ നൽകാവുന്നതാണ്. റീഫണ്ട് അവകാശപ്പെടുന്നതിന് യഥാർത്ഥ രേഖകൾ നിർബന്ധമാണ്, അതില്ലാതെ യാതൊരുവിധ റീഫണ്ടും ലഭിക്കുന്നതല്ല.

2. റീഫണ്ടിനായി ഞാൻ എന്റെ അപേക്ഷ അയക്കേണ്ടത് എവിടെയാണ്?

ഉത്തരം: PACL -ന്റെ ഉപഭോക്താക്കളിൽ നിന്നും ക്ലെയിമുകൾ ക്ഷണിച്ചുകൊണ്ടുള്ള വിവരം പരസ്യം / പൊതു വിജ്ഞാപനം മുഖേന PACL -ന്റെ ഉപഭോക്താക്കളെ SEBI / കമ്മിറ്റി അറിയിക്കുന്നതാണ്. അത്തരം പരസ്യം / പൊതു വിജ്ഞാപനം വരെ എല്ലാ യഥാർത്ഥ രേഖകളും അവരുടെ പക്കൽ സൂക്ഷിക്കുവാനും ഏതെങ്കിലും വ്യക്തികൾ, ഏജന്റുമാർ തുടങ്ങിയവരുമായി പങ്കിടുവാനോ, നൽകുവാനോ, കൈമാറ്റം ചെയ്യുവാനോ പാടില്ലാത്തതുമാണ്.

3. റീഫണ്ടിനായി ഞാൻ എന്റെ അപേക്ഷ എപ്പോൾ എവിടെ അയയ്ക്കണം?

ഉത്തരം: പ്രത്യേക അറിയിപ്പിൻ മേൽ നിർദ്ദേശിച്ച പ്രകാരമുള്ള ആവശ്യമായ രേഖകൾക്കൊപ്പം റീഫണ്ടിന് വേണ്ടിയുള്ള അപേക്ഷ (AfR) പരസ്യം / പൊതു വിജ്ഞാപനത്തിൽ സൂചിപ്പിച്ച / നിർദ്ദേശിച്ച വിലാസത്തിൽ / അധികാരപ്പെട്ടവർക്ക് സമർപ്പിക്കേണ്ടതാണ്.

4. PACL -ന്റെ ഉപഭോക്താക്കളിൽ നിന്നും SEBI ക്ലെയിമുകൾ സ്വീകരിക്കുന്നതെന്നാണ്?

ഉത്തരം: PACL -ന്റെ വസ്തുവകകൾ വിൽക്കുകയും മതിയായ തുക ലഭിക്കുകയും ചെയ്ത ശേഷം റീഫണ്ട് ലഭിക്കുന്നതിലേക്കായി PACL -ന്റെ ഉപഭോക്താക്കളിൽ നിന്നും ക്ലെയിമുകൾ ക്ഷണിക്കുന്നതാണ്. കമ്മിറ്റി നിർദ്ദേശിക്കുന്ന ഫോർമാറ്റിൽ തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ ഉപഭോക്താക്കളെ കമ്മിറ്റി ക്ഷണിക്കുന്നതാണ്.

5. എന്റെ സ്കീമിന്റെ കാലാവധി ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു, എനിക്ക് നിക്ഷേപിക്കുന്നതിനായി മറ്റ് രേഖ / സ്കീമുകൾ നൽകാൻ ഏജന്റുമാർ തയ്യാറാണ്, എന്ത് ചെയ്യണമെന്ന് ദയവായി എനിക്ക് നിർദ്ദേശം തരൂ?

ഉത്തരം: യഥാർത്ഥ രേഖകൾ സൂക്ഷിക്കാനും റീഫണ്ട് ലഭിക്കുവാനായി ആവശ്യം വരുമ്പോൾ അത് സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു. നിലവിലുള്ള നിക്ഷേപങ്ങൾ അവരുടെ മറ്റേതെങ്കിലും സ്കീമുകളിലേക്ക് രൂപഭേദം വരുത്തുന്നതിനോ അല്ലെങ്കിൽ മാറ്റുന്നതിനോ വേണ്ടി PACL അല്ലെങ്കിൽ അവരുടെ ഏജന്റുമാർ ഉൾപ്പെടെയുള്ള ആൾക്കാരിൽ നിന്നുമുള്ള സമ്മർദ്ദത്തിന് വഴങ്ങരുതെന്ന് നിർദ്ദേശിക്കുന്നു. PACL -ന്റെ വസ്തുവകകൾ വിറ്റശേഷം യഥാർത്ഥ നിക്ഷേപകർക്ക് റീഫണ്ട് നൽകുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം

കോടതിയുടെ ഉത്തരവിൻ പ്രകാരം കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ നിർദ്ദേശത്തിന് വിരുദ്ധമായി ഏതെങ്കിലും വ്യക്തി പ്രവർത്തിക്കുകയാണെങ്കിൽ അത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ ലംഘനമായതിനാൽ നിർദ്ദേശിക്കപ്പെടുന്നില്ല.

6. അതിനിടയിൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

ഉത്തരം. SEBI / കമ്മിറ്റി പ്രസിദ്ധപ്പെടുത്തുന്ന വാർത്താക്കുറിപ്പ് / വിജ്ഞാപനം തുടങ്ങിയവയ്ക്കായി നിങ്ങൾ വർത്തമാനപ്പത്രം നോക്കേണ്ടതാണ്. SEBI യുടെ വെബ്സൈറ്റ് www.sebi.gov.in ഉം നിങ്ങൾക്ക് സന്ദർശിക്കാവുന്നതാണ് അല്ലെങ്കിൽ ചുവടെയുള്ള ടോൾ ഫ്രീ ഹെൽപ്പ്‌ലൈൻ നമ്പർ 1800 266 7575 അല്ലെങ്കിൽ 1800 22 7575 ൽ ബന്ധപ്പെടുക.